# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6271 08/07/2014-ൽ മറുപടിയ്ക്ക്

### അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരുടെ ഓണറേറിയം

| ചോദ്യം<br>ശ്രീ. ശ്രീ. പി. സി. വിഷ്ണുനാഥ്: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) അക്വാകൾച്ചർ കോ-ഓർഡിനേറ്റർ ഫോറത്തിന്റെ ആലപ്പുഴ ജില്ലാ സെക്രട്ടറി മാന്നാർ കളപ്പുരവീട്ടിൽ ഷാജി, ഓണറേറിയം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് 11.06.2013-ൽ സമർപ്പിച്ച നിവേദനത്തെത്തുടർന്ന് തുറമുഖ വകുപ്പിൽ നിന്നും ഫിഷറീസ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് അയച്ച കത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത തൊഴിലാളികൾക്ക് ഓണറേറിയം വർദ്ധിപ്പിച്ചു നൽകുവാനും ഇവരെ സ്ഥിരപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ; അല്ലാത്തപക്ഷം കാരണം വിശദമാക്കാമോ? | (എ) യും (ബി) യും | അക്വാകൾച്ചർ കോഓർഡിനേറ്റർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനായി ലഭിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ടി വിഷയം മത്സ്യസമൃദ്ധി പദ്ധതിയുടെ സംസ്ഥാനതല ഗൈഡൻസ്കൗൺസിലിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് സന്നദ്ധ സേവനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഓണറേറിയം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഫണ്ട് നിലവിൽ അംഗീകാരം ലഭിച്ച മത്സ്യസമൃദ്ധി പദ്ധതിയിൽ ലഭ്യമല്ലെന്നും അതിനാൽ ഇത് പരിഗണിക്കാൻ കഴിയില്ലെന്നും എന്നാൽ ഫിഷറീസ് വകുപ്പ് പുതുതായി തയ്യാറാക്കുന്ന സമാന പദ്ധതികളിൽ പ്രസ്തുത ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും സംസ്ഥാനതല ഗൈഡൻസ് കൗൺസിൽ ശുപാർശ ചെയ്തിരുന്നു.<br><br>2014-15 വർഷത്തിൽ മത്സ്യസമൃദ്ധി പദ്ധതി പൂർത്തിയാവുകയാണ്. മത്സ്യസമൃദ്ധി പദ്ധതിയുടെ ഈ കാലയളവിൽ നിലവിൽ ലഭ്യമായ ഫണ്ടിന്റെ അപര്യാപ്തതമൂലം ഇത്തരം ആളുകളുടെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകാൻ കഴിയുകയില്ല. കൂടാതെ പദ്ധതി കാലയളവിലേയ്ക്ക് മാത്രം തികച്ചും താല്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുളള ഇവരെ സ്ഥിരപ്പെടുത്താനാവില്ല. |

സെക്ഷൻ ആഫീസർ